## കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ.ജി.ആർ.2 സി2/13/2020-കെ.പി.എസ്.സി | തിരുവനന്തപുരം
തീയതി: 18.02.2021

## തിരുത്തൽ വിജ്ഞാപനം

ഗവണ്മെന്റ് സെക്രട്ടേറിയറ്റ് നിയമ വകുപ്പിൽ അസിസ്റ്റന്റ് കന്നഡ ട്രാൻസ്ലേറ്റർ ഗ്രേഡ് II തസ്തികയിലേക്ക് 31.12.2020-ലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 482/2020 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ മലയാളം പതിപ്പിൽ ഇനം 7, യോഗ്യത തുടർന്നുള്ള കുറിപ്പുകൾ എന്നിവക്ക് താഴെ പറയും പ്രകാരം തിരുത്തൽ വരുത്തിയിരിക്കുന്നു.

**7.യോഗ്യത:-** പാർട്ട് II -ലോ , പാർട്ട് III -ലോ കന്നഡ ഒരു വിഷയമായിട്ടുള്ള ഒരു അംഗീകൃത സർവകലാശാല ബിരുദം

**കുറിപ്പ്:(a)** KS&SSR Part-II Rule 10 (a) (ii) ബാധകമാണ്.

**കുറിപ്പ്:(b)** വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ്/തത്തുല്യത സർട്ടിഫിക്കറ്റ് (യോഗ്യതയിൽ തത്തുല്യത വ്യവസ്ഥ ചെയ്തിട്ടുള്ള പക്ഷം) വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

**കുറിപ്പ്:(c)** ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്

31.12.2020-ലെ വിജ്ഞാപനം മേൽ ഭേദഗതിയോടെ നിലനിർത്തിയിരിക്കുന്നു. ടി വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

**സാജു ജോർജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**